# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026



# A L P SCHOOL TRIKKADERI

ഒറ്റപ്പാലം സബ്ജില്ല – പാലക്കാട്

# എ എൽ പി സ്കൂൾ തൃക്കടീരി



ശ്രീ. ചക്രപാണി ഉണ്ണി

( മാനേജർ )



ശ്രീമതി. എം എ ബബിത

( ഹെഡ്മിസ്ട്രസ്സ് )

JD - 21/11/2003)

RD - 31/3/2036

## ടീച്ചിംഗ് സ്റ്റാഫ്



പ്രസന്നകുമാരി

LPSA

JD - 13/10/1997

RD - 31/3/2030



കമറുന്നിസ

AFT

JD - 5/6/2002

RD - 31/3/2034



സ്മിത

LPSA

JD - 7/9/2009

RD - 31/3/2036



കാർത്തിക ഉണ്ണി

LPST

JD - 6/6/2019

RD - 31/4/2058

## പ്രീ പ്രൈമറി വിഭാഗം



ഷൈല



ഷിബില

# ആമുഖം

വിദ്യാഭ്യാസം ഒരു രാജ്യത്തിന്റെ പുരോഗതിക്കും സാമൂഹിക ഉന്നമനത്തിനും അടിസ്ഥാനശിലയാണ്. ഇന്നത്തെ വിദ്യാർത്ഥികൾ നാളെയുള്ള പൗരന്മാരാണ്. അതിനാൽ അവരെ അറിവിലും മൂല്യങ്ങളിലും സമന്വയിപ്പിച്ച് സമഗ്രമായി വളർത്തുന്നത് ഈ അധ്യാപന വർഷത്തിലെ പ്രധാന ലക്ഷ്യമാണ്. സ്കൂൾ തല അക്കാദമിക് മാസ്റ്റർ പ്ലാൻ, ഈ ലക്ഷ്യസാദ്ധ്യത്തിനായി ക്രമബദ്ധമായ ദിശയും പ്രവർത്തനരീതിയും നിർണ്ണയിക്കുന്ന ഒരു പടിവാതിലായാണ് കരുതപ്പെടുന്നത്.ഇതിലൂടെ ഓരോ ക്ലാസ് തലങ്ങളിലും വിഷയ തലങ്ങളിലും ഘടിതമായ പഠനമുറകളും ഓർമ്മവത്കരണത്തിനും ആഴത്തിലുള്ള അറിവിനും മുൻതൂക്കംനൽകുന്ന കർമ്മപദ്ധതികളും നടപ്പിലാക്കുക എന്നതാണ് പ്രധാന ഉദ്ദേശ്യം. വിദ്യാർത്ഥികളുടെ കഴിവുകളും താൽപ്പര്യങ്ങളും തിരിച്ചറിഞ്ഞ്, അവരെ ആധുനിക ലോകത്തിനൊരുക്കുന്ന പ്രക്രിയയിലാണ് ഈ പ്ലാനിന്റെ പ്രാധാന്യം നിലനിൽക്കുന്നത്. അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ എന്നിവർക്കിടയിൽ ആത്മീയബന്ധം കെട്ടിപ്പടുക്കുകയും, അദ്ധ്യയനത്തിൽ കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുന്നവയാണ് ഈ മാസ്റ്റർ പ്ലാനിലൂടെ ലക്ഷ്യമിടുന്ന കാര്യങ്ങൾ. വിദ്യാഭ്യാസത്തിലൂടെ വിദ്യാർത്ഥികളുടെ വ്യക്തിത്വവികാസം, സാമൂഹിക ബോധം, സാംസ്കാരിക മൂല്യങ്ങൾ എന്നിവ വളർത്തിക്കൊടുക്കുന്നതിനു വേണ്ടി, തന്ത്രപ്രധാനമായ രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടുന്നു.സ്കൂൾ വിദ്യാഭ്യാസം ഒരു രാഷ്ട്രത്തിന്റെ ഭാവിയെ നിർണ്ണയിക്കുന്ന അടിസ്ഥാനശിലയാണ്. വിദ്യാർത്ഥികളിൽ വിജ്ഞാനവും മൂല്യബോധവും ജീവിതശേഷിയുമെല്ലാം വളർത്തി വളരെയധികം കാര്യക്ഷമരായ പൗരന്മാരായി അവരെ തീർക്കുന്നതാണ് സ്കൂൾ വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം. ഈ ലക്ഷ്യങ്ങൾ ഫലപ്രദമായി കൈവരിക്കാൻ തികഞ്ഞ പദ്ധതികരണവും ആസൂത്രണവും അനിവാര്യമാണ്. അക്കാദമിക് മാസ്റ്റർ പ്ലാൻ എന്നത് സ്കൂൾ തലത്തിൽ ഒരു ശാസ്ത്രീയവും സുതാര്യവുമായ വിദ്യാഭ്യാസ ദിശാനിർദ്ദേശം രൂപപ്പെടുത്താനുള്ള ശ്രമമാണ്. സ്കൂൾ അടിസ്ഥാനമായുള്ള വിദ്യാഭ്യാസവ്യവസ്ഥയുടെ ദൗർബല്യങ്ങളും ശേഷികളുമനുസരിച്ച് ഘടിപ്പിക്കുന്ന ഈ പ്ലാൻ, അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും അധ്യയനപരമായ ഉന്നമനത്തിന് വഴിയൊരുക്കുന്നു. വാർഷികമായും ദീർഘകാലവുമായും വിദ്യാഭ്യാസം മെച്ചപ്പെടുത്താനുള്ള ലക്ഷ്യങ്ങൾ ഈ പ്ലാനിലൂടെ നിർണ്ണയിക്കപ്പെടുന്നു. ഇത് അറിവ് കേന്ദ്രീകൃതവും കുട്ടിയിന്മേൽ കേന്ദ്രീകൃതവുമായ പാഠപദ്ധതികളെ നടപ്പിലാക്കാനും, പഠനഫലങ്ങൾ മെച്ചപ്പെടുത്താനും, അധ്യാപകശേഷി വർദ്ധിപ്പിക്കാനും, വിദ്യാർത്ഥികളുടെ സമഗ്രവികസനം ഉറപ്പാക്കാനും സഹായിക്കുന്ന ഒരു ദിശാസൂചികയായാണ് പ്രവർത്തിക്കുന്നത്. അതിനാൽ, സ്കൂൾ തല അക്കാദമിക് മാസ്റ്റർ പ്ലാൻ ആസൂത്രണം ചെയ്യുമ്പോൾ, അതിന്റെ ലക്ഷ്യങ്ങൾ കൃത്യവും പ്രായോഗികവുമായ രൂപത്തിൽ നിർവചിക്കപ്പെടണം.

# താളുകൾ മറിയുമ്പോൾ

1. ആമുഖം

2. അടിസ്ഥാന വിവരങ്ങൾ

3. എ എൽ പി സ്കൂൾ തൃക്കടീരി

4. പൊതു ലക്ഷ്യങ്ങൾ

5.വിലയിരുത്തൽ, രേഖപ്പെടുത്തൽ

6.പ്രവർത്തന പദ്ധതികൾ (മലയാളം)

7.പ്രവർത്തന പദ്ധതികൾ (ഇംഗ്ലീഷ്)

8.പ്രവർത്തന പദ്ധതികൾ (ഗണിതം)

9.പ്രവർത്തന പദ്ധതികൾ (പരിസര പഠനം)

10.പ്രവർത്തന പദ്ധതികൾ (അറബിക്)

11.പ്രവർത്തന പദ്ധതികൾ (സർഗവേദി)

12.പ്രവർത്തന പദ്ധതികൾ (ഭൗതികം)

13.പ്രവർത്തന പദ്ധതികൾ (ആരോഗ്യ, കായികവിദ്യാഭ്യാസം)

14.ആശംസകളോടെ

15.നന്ദി

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : എ എൽ പി സ്കൂൾ തൃക്കടീരി |
| മേൽവിലാസം | : തൃക്കടീരി പി.ഒ, ഒറ്റപ്പാലം, പാലക്കാട് ജില്ല , 679502 |
| ഫോൺ | : 7560934576 |
| സ്കൂൾ കോഡ് | : 20235 |
| വിദ്യാഭ്യാസ ഉപജില്ല | : ഒറ്റപ്പാലം |
| വിദ്യാഭ്യാസ ജില്ല | : ഒറ്റപ്പാലം |
| റവന്യൂ ജില്ല | : പാലക്കാട് |
| ബി.ആർ.സി | : ഒറ്റപ്പാലം |
| സി.ആർ.സി | : ഒറ്റപ്പാലം |
| മുനിസിപ്പാലിറ്റി | : ഒറ്റപ്പാലം |
| ബ്ലോക്ക് പഞ്ചായത്ത് | : ഒറ്റപ്പാലം |
| ജില്ലാ പഞ്ചായത്ത് | : പാലക്കാട് |
| നിയമസഭാമണ്ഡലം | : ഷൊർണ്ണൂർ |
| ലോകസഭാമണ്ഡലം | : പാലക്കാട് |
| താലൂക്ക് | : ഒറ്റപ്പാലം |
| വില്ലേജ് | : തൃക്കടീരി |
| ഇ-മെയിൽവിലാസം | : alps.trikkaderi@gmail.com |
| ഫേസ്ബുക് | : Alps Trikkaderi |
| സ്കൂൾ വിക്കി | : https://schoolwiki.in/sw/1knl |

# A L P SCHOOL TRKKIADERI

1927 ജനുവരി 1 ന് പ്രവത്തനം ആരംഭിച്ച ഈ വിദ്യാലയം ഇന്ന് 75 വർഷം പിന്നിടുകയാണ് . പരേതനായ ശ്രീ അടവയ്ക്കാട്ട് വെളുത്തേടത്ത് രാമൻ നായർ ആണ് വിദ്യാലയം സ്ഥാപിക്കുന്നതിന് മുൻകൈ എടുത്തത് എന്നാണ് പഴമക്കാരിൽ നിന്നും അറിയാൻ കഴിഞ്ഞത്. പ്രഥമ ഹെഡ് മാസ്റ്റർ ശ്രീ. കുഞ്ഞൻ മാസ്റ്റർ അയിരുന്നു. ആദ്യകാലത്ത് 5 വരെ ക്ലാസ്സുകൾ പ്രവർത്തിച്ചതിരുന്നു. ഇവിടെ മദ്രസയും പ്രവത്തിച്ചിരുന്നു. പിന്നീട് മദ്രസ മറ്റെരു കെട്ടിടത്തിലേക്ക് മാറ്റുകയും ക്ലാസുകൾ 4 വരെ യായി പരിമിതപ്പെടുത്തുകയും ചെയ്തു. താഴത്തേതിൽ ബാലകൃഷ്ണൻനായർ,ദാക്ഷായണിടീച്ചർ, കൃഷ്ണൻകുട്ടിപ്പൊതുവാൾ,സുശീലടീച്ചർ,രാഘവൻക്കുട്ടിപൊതുവാൾ, ശങ്കരനാരായണൻ മാസ്റ്റർ,കുഞ്ഞിമൊയ്തു മാസ്റ്റർ ,രുഗ്മിണി ടീച്ചർ , സുലോചന ടീച്ചർ , റവായത്ത് മാസ്റ്റർ തുടങ്ങിയ അദ്ധ്യാപകരുടെ സേവനം കൊണ്ട് ധന്യമാണ് ഈ സ്ഥാപനം .

നിലവിലെ ഹെഡ്മിസ്ട്രസ് ശ്രീമതി . എം എ ബബിത ടീച്ചറും മാനേജർ ശ്രീ . ചക്രപാണി ഉണ്ണി അവർകളുമാണ് .

# പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
- 'ഓരോ കട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
- ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
- സയൻസ് ലാബ്, ആധുനികവത്കരിക്കും.
- ഒന്നാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെയുള്ള മുഴുവൻ കട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്.ആർ.ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.
- 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റം, മതിലുകൾ, ചുമരുകൾ എന്നിവ അറിവിടങ്ങളാക്കും.
- ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും, കലാപഠനം Zumba practices, Arts, Sports എന്നിവക്ക് പ്രമുഖ്യം നൽകും.
- മാലിന്യ മുക്ത വിദ്യാലയം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.
- ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ
- പോക്സോ സംബന്ധമായ ബോധവൽക്കരണം.
- രാസ ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ.

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

2. എല്ലാ കുട്ടികളും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തര ത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.

3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യത കളെ പ്രയോജനപ്പെടുത്തുക.

7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.

2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.

3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.

4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.

5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.

7. ക്ലാസ്സ് തല വായനമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.

2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.

3.ജനാധിപത്യ ജീവിത സംസ്ക്കാരം വളർത്തിയെടുക്കുക.

4.ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുക.

## പരിസര പഠനം

1.ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

2.ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.

3.ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകര ണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.

4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.

5.ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

6.ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

2.ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.

4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോ ജനപ്പെടുത്തുക.

5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ

1.വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യ തകൾ ഉപയോഗപ്പെടുത്തുക.

3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

## പ്രവൃത്തി പരിചയം

1.നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

2.പാഴ് വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

3.ഇതര വിഷയങ്ങളുമായി / പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1.കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.

2.കലാഭിരുചി വളർത്തുക.

3.ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസര മൊരുക്കുക.

4.ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.

5.'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1.മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.

2.എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.

3.ആരോഗ്യ ശീലങ്ങൾ വളർത്തുക.

4.ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.

5.ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## അറബിക്

1.എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.

2.കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.

3.വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കു ന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.

4.വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.

5.ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക .

# വിലയിരുത്തൽ, രേഖപ്പെടുത്തൽ, അക്കാദമിക മോണിറ്ററിങ്

## അക്കാദമിക് മോണിറ്ററിംഗ് (Academic Monitoring)

വിദ്യാർത്ഥികളുടെ പഠന പുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം, ക്ലാസ് മുറിയിലെ ഇടപെടലുകൾ, കുട്ടികളുടെ പങ്കാളിത്തം, പഠനപ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക് മോണിറ്ററിംഗ്. പഠനം കേവലം ലക്ഷ്യബദ്ധമായതല്ല, കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതുമാകണം. ഇത് ഉറപ്പാക്കുവാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾതല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും അനുയോജ്യമായ പുനഃസംഘടനയ്ക്കും പിന്തുണയ്ക്കും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.

## പ്രവർത്തന ലക്ഷ്യങ്ങൾ:

വിദ്യാലയങ്ങളിൽ HELP 2025 പ്രകാരമുള്ള പഠനപദ്ധതികൾ നടത്തപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുക.

അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ് റൂം ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക.

കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ, ക്ലാസ് പ്രവർത്തനങ്ങൾ, പോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുക.

ശ്രദ്ധയാകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.

വിദ്യാലയ തലത്തിലുള്ള കൂട്ടായ്മകളെ (PTA, HM, SMC, SSK) പ്രോത്സാഹിപ്പിക്കുക.

## പ്രവർത്തന ഘട്ടങ്ങൾ:

തീയതി നിശ്ചയിച്ച സന്ദർശനം:

ഡയറ്റ്, DEO, AEO തുടങ്ങിയ ഉദ്യോഗസ്ഥർ പ്രതിവാരം ഒരു സ്കൂൾ സന്ദർശിക്കും. HELP

2025 ഹാൻഡ്ബുക്കിലെ നിർദ്ദേശങ്ങൾ അനുസരിച്ച് അവലോകനം നടത്തും.

## മോണിറ്ററിംഗ് ഉപാധികൾ:

UNIT WISE MONITORING FORMAT: ഒന്നാം ഭാഗം: പഠനഫലങ്ങൾ, പ്രവർത്തനങ്ങൾ, ചോദ്യങ്ങൾ, പോയിന്റുകൾ എന്നിവ.

PORTFOLIO EVIDENCE: കുട്ടികളുടെ പ്രവർത്തനങ്ങൾ, ചിത്രങ്ങൾ, വിലയിരുത്തൽ

NOTEBOOK ENTRY CHECKLIST: ക്ലാസ്സിലെ റിവ്യൂ, ഓൺ-ദ-സ്പോട്ട് വിലയിരുത്തൽ.

OBSERVATION TOOL: കൃത്യമായി തയ്യാറാക്കിയ ക്ലാസ് റൂം നിരീക്ഷണ ഫോർമാറ്റ്

## പ്രവർത്തന പങ്കാളിത്തം:

- പ്രവർത്തനം ഏറ്റെടുത്തു Y/N
- ഗ്രൂപ്പിൽ പ്രവർത്തിച്ചു Y/N
- ആശയങ്ങൾ പങ്കുവെച്ചു Y/N

## ആശയധാരണ:

- ഉള്ളടക്കം മനസ്സിലാക്കിയിരിക്കുന്നു?
- അറിവ് നിർമ്മാണം നടന്നിട്ടുണ്ടോ?
- പ്രക്രിയാശേഷി വിലയിരുത്തൽ:
- മുൻധാരണകൾ എന്തെല്ലാമായിരുന്നു?
- പുതിയ പ്രക്രിയാശേഷികൾ വിജയകരമായി കൈവരിച്ചോ?

## പ്രകടനം / അവതരണം:

- ഗ്രൂപ്പ് പ്രവർത്തനത്തിനു ശേഷം വ്യക്തിഗതമായി ഫലപ്രദമായി അവതരിപ്പിച്ചു?
- താൻ കണ്ടെത്തിയ കാര്യങ്ങൾ യുക്തിപൂർവമായി വിശദീകരിച്ചു?

## രേഖപ്പെടുത്തൽ:

- പ്രവർത്തനങ്ങൾക്കുള്ള രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നു?
- അതിനുള്ള ആകൃതിയും അതിൻറെ അടക്കം, മനസ്സിലാക്കാവുന്ന വിധത്തിലുള്ള അവതരണമാണ്?
- ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷം സാധ്യമായ രേഖകൾ നൽകിയിട്ടുണ്ടോ?

## വിലയിരുത്തൽ മാർഗ്ഗങ്ങൾ:

നിരീക്ഷണം (Observation):
അഭിമുഖം (Interview):
റേറ്റിംഗ് സ്കെയിൽ:
കേസ്സ്റ്റഡി / സ്കെച്ചുകൾ / ഡയറി നോട്ടുകൾ:
സ്വയം വിലയിരുത്തൽ ഫോറങ്ങൾ:

## പോർട്ട്ഫോളിയോ വിലയിരുത്തൽ:

പ്രതിമാസം ഓരോ കട്ടിയുടെയും പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ സമാഹരിച്ച് പോർട്ട്ഫോളിയോ രൂപത്തിൽ നിക്ഷേപിക്കുക.

## വിലയിരുത്തൽ:

- HELP 2025 പ്രകാരം ഓരോ യൂണിറ്റിനും സൂക്ഷ്മ നിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കുക.
- കുട്ടികളുടെ പ്രതികരണങ്ങൾ, പഠന ലഘുചിത്രങ്ങൾ, പോർട്ട്ഫോളിയോ നോട്ടുകൾ എന്നിവ പരിശോധിക്കുക.
- അധ്യാപകരുടെ ടെസ്റ്റ് ബുക്ക്, ഡയറികൾ, യഥാസമയം എഴുതി വച്ച ആസൂത്രണങ്ങൾ പരിശോധിക്കുക.
- റീഡേഴ്സ് തിയേറ്റർ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ആക്ടിവിറ്റി ബേസ്ഡ് അധ്യാപനം,
- സാമൂഹ്യ-ഭാഷാവികാസം തുടങ്ങിയ ഘടകങ്ങൾക്കുള്ള പങ്കാളിത്തം.
- അധ്യാപകരുമായി പ്രതികരണ സംവാദം നടത്തി മാർഗ്ഗനിർദ്ദേശം നൽകുക.

## പ്രവർത്തന ഘട്ടങ്ങൾ:

ക്ലാസ് PTA യോഗങ്ങളിൽ പോർട്ട്ഫോളിയോ മാതാപിതാക്കൾക്ക് കാണിച്ചുകൊടുക്കുക
HELP 2025 ക്ലാസ് ഹാൻഡ്ബുക്കിലെ യൂണിറ്റ് വിലയിരുത്തലുകളുമായി യോജിപ്പിക്കുക

## KCF 2023 നിർദ്ദേശങ്ങൾ അനുസരിച്ച്:

- വിലയിരുത്തൽ രീതികൾ കട്ടിയുടെ മനോഭാവം, തനിമ, പ്രത്യേകതകൾ, അഭിരുചികൾ എന്നിവ ഉൾപ്പെടുത്തണം.
- ഭിന്നശേഷിക്കാരായ കുട്ടികൾക്കും എളുപ്പത്തിൽ അടുക്കാവുന്ന രീതിയിൽ ഉണ്ടായിരിക്കണം.
- വിലയിരുത്തലിന് കൃത്യതയും സംവേദ്യതയും ഉണ്ടാകണം.
- തത്സമയത്തിൽ നടത്തപ്പെടുന്ന വിലയിരുത്തലുകൾ വിദ്യാർത്ഥിയിലും അധ്യാപകനിലും തിരിച്ചറിവുകൾ സൃഷ്ടിക്കണം.

# സമഗ്ര പുരോഗതി രേഖ (എന്റെ കുട്ടി)

ഒരു കുട്ടിയുടെ പുരോഗതി ഒരു ബഹുമേഖലാപരമായ പ്രക്രിയയാണ്. അത്തരം വളർച്ചയെ ശാസ്ത്രീയമായി രേഖപ്പെടുത്താനും ശേഖരിക്കാനും, തുടർന്നുള്ള അധ്യയനത്തിനും പിന്തുണയ്ക്കുന്നതിനും വേണ്ടിയാണ് സമഗ്ര പുരോഗതി രേഖ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതൊരു പരീക്ഷാ മാർക്കിനപ്പുറം, കുട്ടിയുടെ ബുദ്ധിപരമായ കഴിവ്, സാമൂഹികമായ പെരുമാറ്റം, സൃഷ്ടിപരമായ കഴിവുകൾ, മാനസികസ്ഥിതികൾ, ശാരീരികക്ഷമത തുടങ്ങിയവയെ സമാനമായി വിലമതിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ രേഖ ഓരോ ക്ലാസിലും തുടർച്ചയായി പുതുക്കപ്പെടുകയും അടുത്ത ക്ലാസിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും വേണം.

## പ്രവർത്തന ലക്ഷ്യങ്ങൾ:

- കുട്ടിയുടെ ബഹുമേഖലാപരമായ വളർച്ച രേഖപ്പെടുത്തുക.
- ബുദ്ധിമുട്ടുകളും പുരോഗതിയും തിരിച്ചറിയുകയും അതനുസരിച്ച് ഇടപെടലുകൾ ആസൂത്രണം ചെയ്യുകയും ചെയ്യുക.
- അഭിപ്രായങ്ങൾ, നിരീക്ഷണങ്ങൾ, വിവരങ്ങൾ എന്നിവ കൃത്യമായി ഒറ്റ രേഖയിൽ ഉൾപ്പെടുത്തുക.
- തുടർച്ചയായ അധ്യയനത്തിന് ശാസ്ത്രീയത നൽകുക.
- പാഠപദ്ധതികൾ, പഠനശൈലികൾ, അധ്യാപക ഇടപെടലുകൾ എന്നിവയുടെ ഫലപ്രാപ്തി വിലയിരുത്തുക.

## **പ്രവർത്തന ഘട്ടങ്ങൾ:**

- രേഖയുടെ രൂപരേഖ തയ്യാറാക്കൽ:

### **പ്രധാന മേഖലകൾ :**

1. വൈജ്ഞാനികം (Academic)
2. വൈകാരികം (Emotional)
3. സാമൂഹികം (Social)
4. ശാരീരികം (Physical)
5. മാനസികം (Mental)
6. ആചരണപൂർണ്ണത / മൂല്യബോധം
7. ആശയവിനിമയക്ഷമത
8. സഹപാഠികളുമായുള്ള ഇടപെടൽ / സഹകരണം

- വിലയിരുത്തലിന്റെ ഘടകങ്ങൾ നിർണ്ണയിക്കൽ:
- ഓരോ മേഖലയിലെയും നിരീക്ഷണ രേഖകൾ.
- അധ്യാപക കമന്റുകൾ / PTA വിലയിരുത്തൽ.
- ക്ലാസ്സ് പ്രവർത്തനങ്ങൾ, പ്രദർശനങ്ങൾ
- കാലക്രമനുസൃതമായി രേഖപ്പെടുത്തൽ:
- പുതിയ ക്ലാസിലേക്ക് കൈമാറ്റം:

# പ്രവർത്തന പദ്ധതികൾ

## മലയാളം

**പ്രവർത്തനം : 1**
**പേര് : പുസ്തകം എന്റെ ചങ്ങാതി**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 2**
**പേര് : റേഡിയോ റീഡിംഗ്**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർഥപൂർണ്ണമായി വായിക്കാൻ കുട്ടി കൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂലായ് മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 3**
**പേര് : കൈത്താങ്ങ്**
**ഉപമേഖല : ആശയഗ്രഹണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 4**
**പേര് : വായനമധുരം**
**ഉപമേഖല : ആശയഗ്രഹണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന പരിപോഷണം | Reading day-Wednesday<br><br>ആഴ്ചയിൽ ഒരു ദിവസം കട്ടികൾ ഒരുമിച്ചിരുന്ന് വായിക്കുന്നു. വായിച്ച പുസ്തകം ക്ലാസ് നിലവാരത്തിനനുസരിച്ച് രേഖപ്പെടുത്തുകയും അവതരിപ്പിക്കുകയും ചെയ്യുന്നു. മനസ്സിലായ വസ്തുതകൾ വിശദീകരിച്ച് നൽകുന്നു.മികച്ച വായനയ്ക്ക് സമ്മാനം നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ 1.30 | കമറുന്നീസ്സ ടീച്ചർ | |

**പ്രവർത്തനം : 5**
**പേര് : സ്കൂൾ ലൈബ്രറി**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ .ക്ലാസ്സ് , സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | കമറുന്നീസ്സ ടീച്ചർ | |

**പ്രവർത്തനം : 6**
**പേര് : രചനോത്സവം**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്ന തിനുള്ള കഴിവ് നേടുക | അദ്ധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | സ്മിത ടീച്ചർ | |

**പ്രവർത്തനം : 7**
**പേര് : കയ്യെഴുത്തു മാസിക**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ | വർഷത്തിൽ ഒന്ന് | സ്മിത ടീച്ചർ | |

# ഇംഗ്ലീഷ്

**പ്രവർത്തനം : 1**
**പേര് : ഇംഗ്ലീഷ് അസംബ്ലി**
**ഉപമേഖല : പ്രകടനവേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 2**
**പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | മാസത്തിൽ ഒന്ന് | SRG | |

**പ്രവർത്തനം : 3**
**പേര് : wings**
**ഉപമേഖല : communicative English**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും ഇംഗ്ലീഷ് സംസാരിക്കാൻ പ്രാപ്തരാക്കുക | ഓരോ ആഴ്ചയിലേക്കും ഉള്ള മൊഡ്യൂൾ ഉൾപ്പെടുത്തി wings എന്ന് പേരുള്ള പുസ്തകം | ജൂലായ് - മാർച്ച് | ALL TEACHERS | PTA |

**പ്രവർത്തനം : 4**
**പേര് : Let's talk**
**ഉപമേഖല : communicative English**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിന് സാധ്യമാക്കുന്നു | communicate english ന് പ്രാധാന്യം നൽകിക്കൊണ്ട് story , Rhyme & game തുടങ്ങിയവ കാണാനും കേൾക്കാനും അവസരം നൽകി ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നു | ജൂൺ - മാർച്ച് Tuesday 1.30 | സ്മിത Tr | |

# ഗണിതം

**പ്രവർത്തനം : 1**
**പേര് : ഗണിതമധുരം**
**ഉപമേഖല : ഗണിത കേളികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാ ശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | ഗണിതലാബ് ഉപയോഗിച്ചുള്ള ഗണിതപഠനം | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചേർസ് | |

**പ്രവർത്തനം : 2**
**പേര് : ഗണിതമധുരം**
**ഉപമേഖല :**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതക്രിയകൾ , മന:കണക്ക് വേഗത്തിൽ ചെയ്യാൻ പ്രാപ്തരാക്കൽ | സങ്കലന ഗുണന വസ്തുതകൾ ആശയഗ്രഹണത്തിലൂടെ വേഗത്തിൽ മനഃപാഠമാക്കുന്നു. ഒരുമിച്ചിരുന്ന് ചൊല്ലിപഠിക്കുന്നു . ആഴ്ചയിൽ ഓരോരുത്തർ മനകണക്ക് ചോദിക്കുന്നു.രേഖപ്പെടുത്തുന്നു . | ജൂൺ - മാർച്ച് Monday 1.30 | പ്രസന്ന Tr | |

# പരിസര പഠനം

**പ്രവർത്തനം : 1**
**പേര് :**
**ഉപമേഖല : ലാബ് ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസി പ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തന ങ്ങൾകിണങ്ങുംവിധം സാമഗ്രികൾ ലാബിൽ ഒരുക്കുക | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചേർസ് | |

**പ്രവർത്തനം : 2**
**പേര് : എന്റെ പരീക്ഷണം**
**ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്ര മനോഭാവം വളർത്തുക . ശാസ്ത്ര കൗതുകി കളാക്കുക. | ശാസ്ത്ര പരീക്ഷണങ്ങൾ കണ്ടെത്തി അധ്യാപികയുടെ മേൽനോട്ടത്തിൽ കുട്ടികൾ അവതരിപ്പിക്കുന്നു കുറിപ്പ് രേഖപ്പെടുത്തുന്നു | ജൂൺ - മാർച്ച്<br>മാസത്തി ൽ ഒന്ന് | കാർത്തിക ടീച്ചർ | |

**പ്രവർത്തനം : 3**
**പേര് : ദിനാചരണങ്ങൾ**
**ഉപമേഖല :**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ദിനാചരണങ്ങളിൽ പങ്കാളിയാവുന്നു. പ്രാധാന്യം ബോധ്യപ്പെടുത്തുന്നു | വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ദിനാചരണങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു | ജൂൺ - മാർച്ച് | SRG | |

# അറബിക്

മേഖല - അക്കാദമികം

ഉപമേഖല - **അറബിക്**

ക്ലാസ്- I to IV

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു. | - അക്ഷരവായന<br>- ക്ലാസ് വായന<br>- ലൈബ്രറി വായന<br>- ചിത്ര വായന<br>- മാഗസിൻ വായന<br>- വീടുവായന<br>- കഥാ വായന<br>- വായനാമത്സരങ്ങൾ<br>- മോണിറ്ററിംഗ്<br>- വാക്യങ്ങൾ ഉറപ്പിക്കൽ<br>- വ്യാകരണങ്ങൾ<br>- ഇ-വായന | I- II<br>I- II<br>III- IV<br>I- IV<br>III- IV<br>I- IV<br>III- IV<br>II- III-IV<br>I- IV<br>III- IV<br>I- IV | ജൂൺ-ജൂലൈ<br>ജൂൺ-ഫെബ്രുവരി<br>നവംബർ-ഡിസംബർ<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA<br>SRG |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന്. | -ഇ-ടെക്സ്റ്റ് ഉപയോഗി ച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു.<br>- ലാംഗ്വേജ് ഗെയിംസ്<br>- റോൾ പ്ലേ<br>- ക്ലാസ് സംഭാഷണം<br>- കാർട്ടൂൺ<br>- പ്രദർശനം<br>- പദസമ്പത്ത് വർദ്ധിപ്പിക്കൽ<br>- ഡ്രാമാറ്റൈസേഷൻ | I- IV<br>I- IV<br>I- IV<br>III- IV<br>I- IV | ജൂലൈ -മാർച്ച്<br>ജൂലൈ -മാർച്ച്<br>ആഗസ്റ്റ്-ഫെബ്രുവരി | അധ്യാപകർ | അധ്യാപകർ<br>PTA |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | - അക്ഷരങ്ങൾ ഉറപ്പിക്കൽ<br>- പദങ്ങൾ ഉറപ്പിക്കൽ<br>- ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>- കൂട്ടി എഴുത്ത്<br>- അക്ഷരക്കാർഡ് നിർമ്മാണം<br>- കൈയ്യെഴുത്ത് മാസിക<br>- ചുമർ പത്രിക നിർമ്മാണം<br>- ചാർട്ടെഴുത്ത്<br>- ചിത്രകഥ നിർമ്മിക്കൽ | III- IV<br>I- II<br>I- II<br>I- II<br>I- II<br>I- II<br>III- IV | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ഡിസംബർ<br>സപ്തംബർ - മാർച്ച്<br>ഒക്ടോബർ ഫെബ്രുവരി | അധ്യാപകർ | അധ്യാപകർ<br>PTA |
| **അറബി പദസമ്പത്ത് വർധിപ്പിക്കൽ** | **അറബിക് ഡിക്ഷണറി നിർമാണം** | II- III-IV<br>/ | ജൂൺ - മാർച്ച് | | |

# സർഗ വേദി

**പ്രവർത്തനം : 1**
**പേര് : സർഗവേദി**
**ഉപമേഖല : പ്രകടനവേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക (കുട്ടികളുടെ സർഗാത്മക കഴിവുകൾ) | മാസത്തിലൊരിക്കൽ ബാലസഭ നടത്തൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചേർസ് | |

**പ്രവർത്തനം : 2**
**പേര് : ടാലെന്റ് ലാബുകൾ**
**ഉപമേഖല :**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ളപരിശീല ന പരിപാടികൾ ഒരുക്കുക | ചിത്ര രചന, ക്രാഫ്റ്റ് വർക്ക്, പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം | ജൂൺ - മാർച്ച് | ബബിത ടീച്ചർ എല്ലാ വ്യാഴാഴ്ചയും ( 1.30 pm ) | |

**പ്രവർത്തനം : 3**
**പേര് : പ്രകടന വേദികൾ**
**ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക | കുട്ടികളുടെ മികവുകൾ fb വഴി സമൂഹവുമായി പങ്കു വെക്കൽ | ജൂൺ - മാർച്ച് | കാർത്തിക ടീച്ചർ | |

**പ്രവർത്തനം : 4**
**പേര് : ആകാശവാണി**
**ഉപമേഖല : പ്രകടനവേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക (കുട്ടികളുടെ സർഗാത്മക കഴിവുകൾ) | ആഴ്ചയിൽ ഒരുദിവസം സർഗവേദി നടത്തൽ. | ജൂൺ - മാർച്ച് | കാർത്തിക ടീച്ചർ | |

**പ്രവർത്തനം : 5**
**പേര് : കുട്ടീസ് റേഡിയോ**
**ഉപമേഖല :**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർഥപൂർണ്ണമായി വായിക്കാൻ കുട്ടി കൾക്ക് കഴിയുന്നു. | സ്കൂളിലെ ഒരാഴ്ചത്തെ വാർത്തകൾ ഒരുമിച്ച് വാർത്തയായി അവതരിപ്പിക്കൽ | ജൂൺ - മാർച്ച് | കാർത്തിക ടീച്ചർ | |

**പ്രവർത്തനം : 1**
**മേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളും പരിസരവും വൃത്തിയുള്ളതും അടുക്കും ചിട്ടയുമുള്ളതാക്കുക | പൂന്തോട്ട പരിപാലനം ഔഷധത്തോട്ട നിർമ്മാണം ജല സസ്യങ്ങൾ വച്ചുപിടിപ്പിക്കൽ | ജൂൺ - മാർച്ച് | കമറുന്നീസ്സ ടീച്ചർ ഷൈല ടീച്ചർ , ഷിബില ടീച്ചർ | |

**പ്രവർത്തനം : 2**
**മേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ ആകർഷകമാക്കൽ | “Building as a learning aid” നേഴ്സറി ക്ലാസുകൾ , പുറം ചുമരുകൾ എന്നിവ ചിത്രം വരച്ചും മറ്റും ആകർഷകമാക്കൽ | ജൂൺ - മാർച്ച് | All teachers | |

**പ്രവർത്തനം : 3**
**മേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കെട്ടിടം കൂടുതൽ ഉറപ്പുള്ളതാക്കൽ | കെട്ടിടത്തിന്റെ മേൽക്കൂര ഇരുമ്പാക്കി കൂടുതൽ ഉറപ്പുള്ളതാക്കുക | | മാനേജർ | മാനേജർ |

**പ്രവർത്തനം : 3**
**മേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടുക്കള സൗകര്യപ്രദവും വിശാലവും ആക്കുക | സ്കൂളിനോട് ചേർന്ന് കുറച്ചു സ്ഥലം വാങ്ങി സൗകര്യപ്രദവും വിശാലവുമായ അടുക്കള പണിയുക | | മാനേജർ | മാനേജർ |

**പ്രവർത്തനം : 4**
**മേഖല : ഉച്ചഭക്ഷണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച ഉച്ചഭക്ഷണം നൽകൽ | മെനു മെച്ചപ്പെടുത്തി ഉച്ചഭക്ഷണം നൽകുന്നു | ജൂൺ - മാർച്ച് | കമറുന്നീസ ടീച്ചർ | |

**പ്രവർത്തനം : 5**
**മേഖല :**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ പ്ലാസ്റ്റിക് വിമുക്തമാക്കുക | കുട്ടികളുടെ പിറന്നാൾ ദിനത്തിൽ മിട്ടായി അച്ചാർ തുടങ്ങിയവ കൊണ്ടുവരുന്നില്ല എന്ന് ഉറപ്പുവരുത്തൽ. വേസ്റ്റുകൾ കൃത്യമായി തരംതിരിച്ച് ഹരിത കർമ്മ സേനയ്ക്ക് നൽകൽ | ജൂൺ - മാർച്ച് | അധ്യാപകർ കുട്ടികൾ | |

# ആരോഗ്യ - കായിക - വിദ്യാഭ്യാസം

**പ്രവർത്തനം : 1**
**പേര് : കായികാരോഗ്യം**
**ഉപമേഖല : ഫുട്ബോൾ കോച്ചിങ്ങ്, Zumba practice**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ എത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | ഫുട്ബോൾ കോച്ചിങ് പരിശീലനം , സ്കിപ്പിംഗ് പരിശീലനം, പരിശീലനം | ജൂൺ - മാർച്ച് | SRG | |

**പ്രവർത്തനം : 2**
**പേര് : ഹെൽത്ത് ചെക്ക് അപ്പ്**
**ഉപമേഖല : ആര്യോഗ്യം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പുവരുത്തുക | എല്ലാ കുട്ടികൾക്കും ആരോഗ്യ ക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടേമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ - സെപ്തംബർ | SRG | |

# ആശംസകളോടെ

പ്രിയപ്പെട്ട രക്ഷിതാക്കളെ ,

തൃക്കടീരി എ എൽ പി സ്കൂളിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ തയാറാക്കിയതാണ്.ഈ പ്രവർത്തനങ്ങൾവിജയകരമായി നടപ്പിലാക്കുന്നതിനു നിങ്ങളുടെ എല്ലാവിധ പിന്തുണയും ആവശ്യമാണ്.അതിനായി നമുക്കൊരുമിച്ചു പ്രവർത്തിക്കാം നമ്മുടെ കുട്ടികളെ മികവിലേക്ക് ഉയർത്താം.അതിലൂടെ നമ്മുടെ വിദ്യാലയം അറിവിന്റെ കേന്ദ്രമായി മാറ്റാം.



**പ്രസന്നകുമാരി**
**( സ്റ്റാഫ് സെക്രട്ടറി )**

# അക്കാദമിക് മാസ്റ്റർ പ്ലാൻ – ഉപസംഹാരം

ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ദീർഘകാല ശൈക്ഷണിക ദൗത്യവും ദൃഷ്ടികോണവും മനസ്സിലാക്കി തയ്യാറാക്കിയ ഏകീകൃത വികസന ദിശാനിർദേശങ്ങളാണ്. അധ്യാപന നിലവാരം ഉയർത്തുന്നത്, ഗവേഷണ പ്രവത്തനങ്ങൾ വളർത്തുന്നത്, വിദ്യാർത്ഥി മികവുകൾ പ്രോത്സാഹിപ്പിക്കുന്നത്, സാങ്കേതിക വിദ്യയുടെ ഉൾപ്പെടുത്തൽ എന്നിവ മുഖ്യ ലക്ഷ്യങ്ങളായി ഈ പദ്ധതിയിലുണ്ടായിരുന്നു. പദ്ധതി നടപ്പിലാക്കിയ സമയത്ത് നിലവിലുള്ള പോരായ്മകൾക്കനുസ്യതമായി ഉൾവെച്ച മാറ്റങ്ങൾ സ്ഥാപനത്തിന്റെ ശൈക്ഷണിക മൂല്യത്തെ വലിയ തോതിൽ ഉയർത്താൻ സഹായിച്ചു. അധ്യാപക പരിശീലനങ്ങൾ, കോഴ്സ് പുനസംഘടന, വിലയിരുത്തൽ രീതികളുടെ ആധുനീകരണം, ഇൻഫ്രാസ്ട്രക്ചർ വികസനം എന്നിവ മുഖ്യ നേട്ടങ്ങളായി മാറി.ഭാവിയിൽ ഈ പ്ലാനിന്റെ തുടർച്ചയായി കൂടുതൽ ദീർഘകാല തന്ത്രങ്ങൾ രൂപപ്പെടുത്തുകയും, വിദ്യാഭ്യാസ രംഗത്തെ സമകാലിക വ്യതിയാനങ്ങൾക്കും അടിസ്ഥാനപരമായ ആവശ്യങ്ങൾക്കുമായി കൃത്യമായ ഉത്തരവാദിത്വത്തോടെ സമീപിക്കുകയും ചെയ്യണം.ഇതുവഴി, ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും അറിവിന്റെ വിപുലീകരണത്തിനും ഈ പ്ലാൻ നൽകിയ സംഭാവനകൾ സ്ഥാപനം സ്മരിക്കും.